

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

## 31. മഹാത്മാഗാന്ധി

സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

31 മഹാത്മാഗാന്ധി . . . . . . . . . . . . . . . . . . . . . . . . 1

1 പിന്തിരിപ്പൻമാർക്കെതിരായ ഹിന്ദുമതം 3

2 മതപരിഷ്ക്കരണത്തിന്റെ അർത്ഥം . . 4

3 ജനങ്ങളുടെ ശക്തി മനസ്സിലാക്കിയ ദേശീയ നേതാവ് . . . . . . . . . . . 5

4 സാമ്രാജ്യത്വത്തിനെതിരായ സമരപരിപാടി . . . . . . . . . . . . 6

5 പഴയ ചട്ടക്കൂടിൽ പുതിയ ഉള്ളടക്കം . 7

6 ഗാന്ധിസത്തിന്റെ പരിമിതികൾ . . . 8

7 ദേശീയ പ്രസ്ഥാനത്തിന്റെ എതിർപ്പ് . 9

8 ഗാന്ധിസത്തിന്റെ ഒസ്യത്ത് . . . . . 10

# 31

# മഹാത്മാഗാന്ധി

ലോകമാന്യതിലകന്റെ മരണത്തിനുശേഷം മറ്റൊരു മഹാൻ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വമേറ്റെടുത്തു. 1869-ൽ ഗുജറാത്തിലെ പോർബന്തർ എന്ന സ്ഥലത്തു ജനിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം ഒരു ബാരിസ്റ്ററാവാൻ വേണ്ടി ഇംഗ്ലണ്ടിലേക്കു പോയ അദ്ദേഹം തന്റെ സവിശേഷമായ സത്യാന്വേഷണപരീക്ഷണങ്ങളിലൂടെ രാഷ്ട്രീയവും സാമൂഹ്യവുമായ സമരങ്ങളുടെ നേതൃത്വത്തിലെത്തിച്ചേർന്നു. അദ്ദേഹം പറഞ്ഞു:

> ‘ഞാൻ എന്നെത്തന്നെ അറിയാനും ഇഹലോകജീവിതത്തിൽത്തന്നെ മോക്ഷം നേടാനും വേണ്ടി വെമ്പൽ കൊള്ളുകയാണ്. എന്റെ ആത്മാവിനെ മാംസത്തിന്റെ ബന്ധനത്തിൽനിന്നു മോചിപ്പിക്കാനുള്ള പരിശീലനത്തിന്റെ ഒരു ഭാഗം മാത്രമാണ് എന്റെ ദേശീയ സേവനം. എന്നെ സംബന്ധിച്ചിടത്തോളം, മോക്ഷത്തിലേക്കുള്ള മാർഗം കിടക്കുന്നത് എന്റെ രാജ്യത്തേയും അതുവഴി മനുഷ്യസമുദായത്തെയാകെയും സേവിക്കാനുള്ള ഇടവിടാത്ത പരിശ്രമങ്ങളിലൂടെയാണ്.’

മഹാത്മാഗാന്ധി ഒരു തികഞ്ഞ മതവിശ്വാസിയായിരുന്നു. ഒരു സനാതന ഹിന്ദു എന്ന പേരിലറിയപ്പെടാനാണ് അദ്ദേഹം ആഗ്രഹിച്ചത്. 1921 ഒക്ടോബർ 6 —ലെ ‘യെങ് ഇന്ത്യ’യിൽ അദ്ദേഹം ഇങ്ങനെയെഴുതുകയുണ്ടായി:

> ‘ഞാൻ എന്നെ സ്വയമൊരു സനാതനഹിന്ദുവെന്നു വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ, (1) ഞാൻ വേദങ്ങളിലും, ഉപനിഷത്തുകളിലും, പുരാണങ്ങളിലും, ഹിന്ദുമതഗ്രന്ഥങ്ങൾ എന്നപേരിലറിയപ്പെടുന്ന മറ്റെല്ലാറ്റിലും വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ, അവതാരത്തിലും, പുനർജന്മത്തിലും. (2) ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലുള്ള പ്രാകൃതമായ അർത്ഥത്തിലെങ്കിലും, എന്റെ അഭിപ്രായത്തിൽ തികച്ചും വേദാടിസ്ഥാനത്തിലുള്ള ഒരർത്ഥത്തിൽ, ഞാൻ വർണാശ്രമധർമ്മത്തിൽ വിശ്വസിക്കുന്നു. (3) ജനങ്ങളുടെ ഇടയിൽ പ്രചാരമുള്ളതിനേക്കാൾ വളരെ വിപുലമായ ഒരർത്ഥത്തിൽ ഞാൻ ഗോസംരക്ഷണത്തിൽ വിശ്വസിക്കുന്നു. (4) ഞാൻ ബിംബാരാധനയിൽ അവിശ്വസിക്കുന്നില്ല.’

# 1 പിന്തിരിപ്പൻമാർക്കെതിരായ ഹിന്ദുമതം

ഈ വിശ്വാസപ്രമാണങ്ങളിൽ മധ്യകാലോചിതമായ ചില ഘടകങ്ങൾ മുഴച്ചുനിൽക്കുന്നുണ്ടെന്ന കാണാം; പക്ഷേ, ഗാന്ധിജിയുടെ ഹിന്ദുമതം ഇന്നത്തെ ആര്യസ മാജനേതാക്കൻമാരുടേയോ പിന്തിരിപ്പൻമാരായ മറ്റ മതപണ്ഡിതൻമാരുടേയോ ഹിന്ദുമതമായിരുന്നില്ല. മറ്റ മതങ്ങളുടെ നേരെയുള്ള എല്ലാ അസഹിഷ്ണതകളേയും അദ്ദേഹം ആക്ഷേപിച്ചു. എല്ലാമതങ്ങളും ഏറെക്കുറെ ശരിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. തന്റെ പ്രാർത്ഥനായോഗങ്ങളിൽ ഭഗവദ്ഗീതയിൽനിന്നുള്ള ശ്ലോകങ്ങളെ മാത്രമല്ല ഖുറാനിലും ബൈബിളിലുള്ള ഏതാനും വാക്യങ്ങളേയും അദ്ദേഹം ഉദ്ധരിച്ചിരുന്നു. മതസംബന്ധിയായ വഴക്കുകളേയും അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ മുതലായവയേയും ന്യായീകരിക്കുവാൻ ശ്രമിച്ചുകൊണ്ട് ഈശ്വരന്റെ ഏജൻറുമാരായി നടക്കുന്ന ആധുനികശങ്കരാചാര്യൻമാരുടെയും ശാസ്ത്രിമാരുടെയും ദിവ്യത്വത്തെ അദ്ദേഹം വെല്ലുവിളിച്ചു.

> 'തങ്ങളാണ് ഹിന്ദുമത ഗ്രന്ഥങ്ങളുടെ ശരിയായ വിഖ്യാതാക്കളെന്നുള്ള ഇന്നത്തെ ശങ്കരാചാര്യന്മാരുടേയും ശാസ്ത്രിമാരുടെയും അവകാശവാദത്തെ (അത്തരമൊരു അവകാശവാദത്തെ അവർ കൊണ്ടുവരുന്നുണ്ടെങ്കിൽ) ഞാൻ ഏറ്റവും ശക്തിയായി നിഷേധിക്കുന്നു.'

വേദോപനിഷത്തുക്കളിലും മറ്റ മതഗ്രന്ഥങ്ങളിലും അമൂല്യങ്ങളായ പല തത്വങ്ങളും ജീവിതവ്യാഖ്യാനങ്ങളും അടങ്ങിയിട്ടുണ്ടെങ്കിലും അവയ്ക്ക് ദൈവത്തിന്റെ കൈയൊപ്പൊന്നുമില്ലെന്നും, അവയെ എല്ലാ കാലഘട്ടങ്ങളിലും ഒരുപോലെ എടുത്തുപയോഗിക്കാൻ പറ്റില്ലെന്നും അതുകൊണ്ടവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതാവശ്യമാണെന്നും, ഗാന്ധിജി അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ 'വേദങ്ങളും, ഉപനിഷത്തുകളും, സ്മൃതികളും, പുരാണങ്ങളും, ഇതിഹാസങ്ങളും ഒരേ സമയത്തല്ല ആവിർഭവിച്ചത്. വ്യത്യസ്ത കാലഘട്ടങ്ങളുടെ ആവശ്യങ്ങളിൽ നിന്നാണ് ഓരോന്നും വളർന്നുവന്നത്. അതുകൊണ്ട് അവ പരസ്പര വിരുദ്ധങ്ങളാണെന്ന് നമുക്ക് തോന്നിപ്പോകുന്നു. ഈ ഗ്രന്ഥങ്ങൾ ശാശ്വതങ്ങളായ സത്യങ്ങളെ പുതുതായി ആവിഷ്കരിക്കുകയല്ല ചെയ്യുന്നത്. പിന്നെയോ? ആ പുസ്തകങ്ങൾ പ്രതിനിധാനം ചെയ്യുന്ന വ്യത്യസ്ത കാലഘട്ടങ്ങളിൽ ആ സത്യങ്ങൾ പ്രയോഗിക്കപ്പെട്ടതെങ്ങിനെയെന്നു കാണിക്കുകയാണ് ചെയ്യുന്നത്. ആ സവിശേഷ കാലഘട്ടത്തിൽ അന്ധമായി ആവർത്തിക്കപ്പെട്ടാൽ അതു ജനങ്ങളെ നിരാശയുടെ ചെളിക്കുണ്ടിലേക്കു തള്ളിവിടും. ജന്തുബലി ഒരുകാലത്തു നടപ്പിലുണ്ടായിരുന്നു എന്നതുകൊണ്ട് ഇന്നും അത്യാവശ്യമാണോ? ഒരു കാലത്ത് നമ്മൾ കള്ളൻമാരുടെ കൈകാലുകൾ വെട്ടിക്കളഞ്ഞിരുന്നു എന്നതുകൊണ്ട്, ആ അപരിഷ്കൃതത്തെ ഇന്നും പുനരുദ്ധരിക്കണോ! ശൈശവ വിവാഹത്തെ നമ്മൾ പുനഃസ്ഥാപിക്കേണ്ടതുണ്ടോ? ഒരു കാലത്ത് മനുഷ്യസമുദായത്തിന്റെ ഒരു വിഭാഗത്തെ നമ്മൾ ദൂരെ തള്ളിമാറ്റിയിരുന്നു എന്നതുകൊണ്ട് അവരുടെ പിൻഗാമികളെ എന്നും അയിത്തക്കാരായി അകറ്റി നിർത്തണോ?' അപ്പോൾ ഗാന്ധിജിയുടെ അഭിപ്രായത്തിൽ, സനാതനമായ ഹിന്ദുധർമ്മമെന്നുവച്ചാൽ, വേദോപനിഷത്തുകളിലും പുരാണേതിഹാസങ്ങളിലുമുള്ളതെല്ലാം അതേപടി സ്വീകരിക്കലല്ല, എന്തെന്നാൽ, അവയിൽ പലതും ഇന്നു പ്രായോഗികമല്ല; ശരിയുമല്ല. അതുകൊണ്ട്, അവയിൽ പലതും ഇന്നത്തെ സ്ഥിതിക്കുപറ്റിയതരത്തിൽ മാറ്റേണ്ടതുണ്ട്. ഇന്നത്തെ മനുഷ്യന്റെ ധർമ്മബോധത്തിനെതിരായ പഴയ ആചാരങ്ങളേയും സമ്പ്രദായങ്ങളെയുമെല്ലാം എതിർത്തു നശിപ്പിക്കേണ്ടതുണ്ട്. ഗാന്ധിജിതന്നെ പറയുന്നു:

> 'എന്തെങ്കിലുമൊന്നിന്റെ ഉത്ഭവം വേദങ്ങളിൽനിന്നാണെങ്കിൽക്കൂടി അതു നമ്മുടെ സാൻമാർഗ്ഗികബോധത്തിനെതിരാണെങ്കിൽ അതിനെ, വേദങ്ങളുടെ തന്നെ സത്തായ സാരാംശത്തിന്നെതിരെന്ന നിലയ്ക്കും, അതിനേക്കാളധികം അടിസ്ഥാനപരമായ സാൻമാർഗിക തത്വങ്ങൾക്കെതിരെന്ന നിലയ്ക്കും സംശയം കൂടാതെ തള്ളിക്കളയണം.'

## 2 മതപരിഷ്കരണത്തിന്റെ അർത്ഥം

അയിത്തം, ജാതിമേധാവിത്വം, ജന്തുബലി, ശൈശവ വിവാഹം, സ്ത്രീകളുടെ അസ്വതന്ത്രത, ദേവദാസി സമ്പ്രദായം മുതലായ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും സ്വന്തം താൽപര്യത്തിനുവേണ്ടി നിലനിർത്താൻ വെമ്പൽകൊണ്ട നാടുവാഴിമേധാവിത്വവും ഫ്യൂഡൽ ബന്ധങ്ങളെ അരക്കിട്ടുറപ്പിക്കാനാഗ്രഹിച്ച സാമ്രാജ്യത്വമേധാവിത്വവും ഇന്ത്യയിലെങ്ങും ബീഭത്സമാംവിധം നടമാടിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അതിനാൽ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ ഗാന്ധിജിയുടെ കുരിശുയുദ്ധം നേരിട്ടുചെന്നുകൊണ്ടത് ഫ്യൂഡലിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും മർമ്മങ്ങളിലാണ്. ധർമ്മബോധത്തിനും സാന്മാർഗ്ഗികതത്വങ്ങൾക്കും നിരക്കാത്ത അയിത്തം, ജാതിമേധാവിത്വം തുടങ്ങിയ അനാചാരങ്ങൾക്കെതിരായ സമരത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഭാഗമാണിതെന്ന് അദ്ദേഹം വീണ്ടും വീണ്ടും ഊന്നിപ്പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ സാമൂഹ്യപരിഷ്കരണ സംരംഭങ്ങൾ പിന്നണിയിൽക്കിടക്കുന്ന ജനവിഭാഗങ്ങളെപ്പോലും തട്ടിയുണർത്തി; അവരുടെ ദേശാഭിമാനത്തേയും അനീതിക്കെതിരായി തലയുയർത്തി നിൽക്കാനുള്ള അഭിവാഞ്ഛയെയും ആളിക്കത്തിച്ചു. സാമ്രാജ്യത്വത്തിനെതിരായ സമരത്തിന്റെ ഒരു ഭാഗമെന്ന നിലയ്ക്കു തന്നെ, ഖദർ, സ്വദേശി, കുടിൽവ്യവസായം, ഹിന്ദി മുതലായവയുൾക്കൊള്ളുന്ന ഒരു നിർമ്മാണ പരിപാടിയും ഗാന്ധിജി ആവിഷ്കരിച്ചു. ഖദറും കുടിൽവ്യവസായങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടിയിൽ മധ്യകാലത്തേക്കുള്ള ഒരു തിരിഞ്ഞുനോട്ടവും ആധുനികതയുടെ നേർക്കുള്ള ഒരെതിർപ്പും അടങ്ങിയിട്ടുണ്ട്. എങ്കിലും അത് ജനങ്ങളുമായി ഇടവിടാത്ത ബന്ധം പുലർത്താനും അവരുടെ ആത്മാഭിമാനത്തെ ഉയർത്താനും, സ്വാശ്രയശീലത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ബോധം അവരിലുളവാക്കാനും സഹായിച്ചു.

## 3 ജനങ്ങളുടെ ശക്തി മനസ്സിലാക്കിയ ദേശീയ നേതാവ്

തനിക്കുമുമ്പുണ്ടായ മറ്റേതൊരു ദേശീയ നേതാവിനെക്കാളുമധികം ജനങ്ങൾക്കു ചരിത്രത്തിലുള്ള സ്ഥാനമെന്തെന്നു മനസ്സിലാക്കാൻ കഴിഞ്ഞ ഒരു മഹാനാണ് ഗാന്ധിജി. തന്റെ നേതൃത്വത്തിൽ വെള്ളക്കാരായ സാമ്രാജ്യവാദികളുടെ നിരങ്കുശമായ സ്വേച്ഛാധിപത്യത്തിനെതിരായി തെക്കേ ആഫ്രിക്കയിലെ ഇന്ത്യാക്കാർ നടത്തിയ സത്യാഗ്രഹസമരത്തിന്റെ അനുഭവങ്ങളിൽ നിന്നാണ് അദ്ദേഹം അതു മനസ്സിലാക്കിയത്. തെക്കേ ആഫ്രിക്കയിൽനിന്നു മടങ്ങിവന്നതിനുശേഷം, 1915-ൽ മദ്രാസിൽവച്ചു നൽകപ്പെട്ട ഒരു മംഗളപത്രത്തിനു മറുപടിയായി അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. 'ഈ മംഗളപത്രത്തിലുപയോഗിക്കപ്പെട്ട ഭാഷയുടെ പത്തിലൊരംശമെങ്കിലും ഞങ്ങൾ (ഗാന്ധിജിയും അദ്ദേഹത്തിന്റെ പത്നിയും) അർഹിക്കുന്നുണ്ടെങ്കിൽ തെക്കേ ആഫ്രിക്കയിലുള്ള നിങ്ങളുടെ കഷ്ടപ്പെടുന്ന ജനങ്ങൾക്കുവേണ്ടി ജീവനെ ബലിയർപ്പിക്കുകയും അങ്ങനെ തങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തവരെപ്പറ്റി എന്തുഭാഷയാണ് നിങ്ങളുപയോഗിക്കുക? മാതൃഭൂമിയുടെ മാനംകാക്കാൻ വേണ്ടി ലളിതമായ വിശ്വാസത്തോടുകൂടി എല്ലാത്തരം പരീക്ഷണഘട്ടങ്ങളെയും കഷ്ടപ്പാടുകളേയും മർദ്ദനങ്ങളേയും നേരിട്ട പതിനേഴോ പതിനെട്ടോ വയസുമാത്രം പ്രായമായ നാഗപ്പൻ, നാരായണസ്വാമി എന്നീ കുട്ടികളെപ്പറ്റി എന്തുഭാഷയാണ് നിങ്ങളുപയോഗിക്കാനുദ്ദേശിക്കുന്നത്? മാർട്ടീസ് ബർഗ്ഗ് ജയിലിൽ നിന്ന് എല്ലും തൊലിയുമായി പനിപിടിച്ച രൂപത്തിൽ വിട്ടയയ്ക്കപ്പെടുകയും ആ പനിയുടെ പിടിയിൽപ്പെട്ട് ഏതാണ്ട് ഒരു മാസത്തിനുള്ളിൽ മരണമടയുകയും ചെയ്ത പതിനാറുവയസ്സുമാത്രം പ്രായമായ ആ മിടുക്കത്തി വള്ളിയമ്മയെപ്പറ്റി എന്തുഭാഷയാണ് നിങ്ങളുപയോഗിക്കുക? മഹത്വം നിറഞ്ഞ ആ പുരുഷൻമാർക്കും സ്ത്രീകൾക്കും ഞാൻ ആവേശം നൽകി എന്നാണ് നിങ്ങൾ പറയുന്നത്. പക്ഷേ, എനിക്കത് അംഗീകരിക്കാൻ വയ്യ. ലളിതഹൃദയരായ സാധാരണക്കാരാണ് ശരിയായ നിലവാരത്തിലേക്ക് എന്നെ ആവേശം കൊള്ളിച്ചുയർത്തിയത്. തങ്ങളുടെ മഹത്തായ ത്യാഗം കൊണ്ടും തങ്ങളുടെ മഹത്തായ ശ്രദ്ധ കൊണ്ടും മഹാനായ ദൈവത്തിലുള്ള തങ്ങളുടെ മഹത്തായ വിശ്വാസം കൊണ്ടും അവരാണ് എനിക്കു ചെയ്യാൻ കഴിഞ്ഞത് ചെയ്യാൻ എന്നെ നിർബന്ധിച്ചത്... നിങ്ങൾ ഞങ്ങളുടെ മേൽ കെട്ടിവയ്ക്കാനാഗ്രഹിക്കുന്ന കിരീടം അവരാണർഹിക്കുന്നത്.'

ഇതിന്റെ അർത്ഥം എല്ലായ്പ്പോഴും ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള പരിപാടികളും മുദ്രാവാക്യങ്ങളുമാണ് അദ്ദേഹം രൂപവൽക്കരിക്കുന്നത് എന്നല്ല. നേരെമറിച്ച് പലപ്പോഴും ജനങ്ങൾ പ്രതീക്ഷിക്കാത്ത തരത്തിലാണ് സമരങ്ങളുടേയും മറ്റു പ്രവർത്തനങ്ങളുടേയും ഗതിയെ അദ്ദേഹം തിരിച്ചുവിട്ടിരുന്നത്. ആരാലും ഇളക്കപ്പെടാൻ കഴിയാത്ത ചില വിശ്വാസങ്ങളും പ്രവർത്തനരീതികളും അദ്ദേഹത്തിനുണ്ടായിരുന്നു. ജവഹർലാൽ നെഹ്റു ചൂണ്ടിക്കാണിക്കുകയുണ്ടായി:

> 'താൻ തെക്കേ ആഫ്രിക്കയിൽ കഴിച്ച ആദ്യകാലങ്ങളിൽ ഗാന്ധിജി ഒരു വമ്പിച്ച പരിവർത്തനത്തിനു വിധേയനായി. അതദ്ദേഹത്തെ വല്ലാതെ ഇളക്കിമറിക്കുകയും ജീവിതത്തെ സംബന്ധിച്ചുള്ള തന്റെ വീക്ഷണഗതിയെ മുഴുവൻ മാറ്റിക്കളയുകയും ചെയ്തു. അതിനുശേഷം ഇതേവരെ തന്റെ ആശയങ്ങൾക്കെല്ലാം ഒരുറച്ച അസ്തിവാരമാണ് അദ്ദേഹത്തിനുണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ മനസ്സ് തുറന്ന മനസ്സാണെന്നു പറയുവാൻ വയ്യ. തന്റെ മുമ്പാകെ പുതിയ നിർദ്ദേശങ്ങൾ വയ്ക്കുന്ന ആളുകൾക്ക് പറയാനുള്ളതൊക്കെ അദ്ദേഹം ഏറ്റവും അധികം ക്ഷമയോടും ശ്രദ്ധയോടും കൂടി കേൾക്കുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഒരു സമര്യാദമായ താൽപര്യത്തിനൊക്കെ പിന്നിൽ ഒരടച്ച വാതിലിനോടാണ് നാം സംസാരിക്കുന്നതെന്നൊരു തോന്നൽ നമുക്കുണ്ടാകുന്നു. ശേഷമെല്ലാം അപ്രധാനങ്ങളായി തോന്നുമാറ് അദ്ദേഹം ചില ആശയങ്ങളോട്, ഒരു കപ്പൽ നങ്കൂരത്തോട് എന്നപോലെ അതേ ഉറപ്പായി ബന്ധപ്പെട്ടിരിക്കുന്നു. മറ്റു രണ്ടാംകിട കാര്യങ്ങളിൽ നിഷ്കർഷിക്കുക ഒരു മാനസിക വ്യതിചലനവും, ബൃഹത്തരമായ പദ്ധതിയെ വികൃതമാക്കിക്കാണിക്കലുമാവാം. ആ നങ്കൂരത്തെ മുറുകെ പിടിക്കുന്നതിന്റെ ആവശ്യഫലമായിതന്നെ മുൻപറഞ്ഞ മറ്റുകാര്യങ്ങൾ നേരെയായിക്കൊള്ളും. മാർഗങ്ങൾ ശരിയാണെങ്കിൽ ലക്ഷ്യം ശരിയായേ കഴിയൂ. അതാണ് അദ്ദേഹത്തിന്റെ ചിന്തയുടെ മുഖ്യമായ പശ്ചാത്തലമെന്ന് ഞാൻ വിചാരിക്കുന്നു.'

## 4 സാമ്രാജ്യത്വത്തിനെതിരായ സമരപരിപാടി

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായി ജനങ്ങളുടെ ജീവിതത്തോതിടിഞ്ഞു തകരുകയും നാട്ടിലെങ്ങും സാമ്രാജ്യവിരോധം അലയടിക്കാൻ തുടങ്ങുകയും ചെയ്ത ഒരു ഘട്ടത്തിലാണ് ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തത്. ഇന്ത്യയിലെ വിവിധജന വിഭാഗങ്ങളെ — തൊഴിലാളികളേയും, കൃഷിക്കാരേയും മുതലാളികളേയും വിദ്യാർഥികളേയും അദ്ധ്യാപകരേയും വക്കീലൻമാരേയും സ്ത്രീകളേയും കുട്ടികളേയും എല്ലാം ദേശീയപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുപ്പിക്കാനുതകുന്ന ഒരു സമരപരിപാടി അദ്ദേഹം രൂപവൽക്കരിച്ചു. അങ്ങനെ മുമ്പ് ബുദ്ധിജീവികളേയും സമുദായത്തിലെ ഉപരിതലത്തേയും മാത്രമാകർഷിച്ചിരുന്ന ദേശീയ പ്രസ്ഥാനത്തെ അദ്ദേഹം തികച്ചും ദേശീയാടിസ്ഥാനത്തിലുള്ള ഒരു ബഹുജനപ്രസ്ഥാനമാക്കി രൂപാന്തരപ്പെടുത്തി. കൃഷിക്കാർക്ക് നികുതിനിഷേധമാരംഭിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അതു ഗവൺമെൻറിന്റെ സാമ്പത്തികാടിത്തറയുടെ മുമ്പിൽ വലിയൊരു ഭീഷണിയായിത്തീർന്നു — ഗവൺമെൻറിനാവശ്യമായ ക്ളാർക്കുമാരേയും മറ്റുദ്യോഗസ്ഥരേയും പടച്ചുവിടുന്ന വിദ്യാലയങ്ങളെ ബഹിഷ്ക്കരിക്കാൻ അദ്ദേഹം വിദ്യാർഥികളോട് ആഹ്വാനം ചെയ്തു. ഗവൺമെൻറിന്റെ നീതിന്യായസ്ഥാപനങ്ങളെ നിശ്ചലമാക്കാൻ കഴിയത്തക്കവണ്ണം കോടതികളെ ഉപേക്ഷിച്ച് സമരരംഗത്തിറങ്ങാൻ അദ്ദേഹം വക്കീലൻമാരോട് ആവശ്യപ്പെട്ടു. ഉപ്പുനിയമം ലംഘിക്കുവാനും മദ്യഷാപ്പുകളും വിദേശവസ്തുഷാപ്പുകളും പിക്കറ്റുചെയ്യുവാനും അദ്ദേഹം യുവാക്കളോടും സ്ത്രീകളോടും ആഹ്വാനം ചെയ്തു. ഗവൺമെൻറിന്റെ നിയമമില്ലാ നിയമങ്ങളെല്ലാം ബോധപൂർവ്വം ലംഘിക്കുവാൻ ജനങ്ങളോട് പൊതുവിൽ അദ്ദേഹം ആഹ്വാനം ചെയ്തു. സത്യാഗ്രഹം, നിസ്സഹകരണം, വ്യക്തിപരവും ബഹുജനാടിസ്ഥാനത്തിലുമുള്ള സിവിൽ നിയമലംഘനം, നികുതി നിഷേധം, ബഹുജനപ്രക്ഷോഭങ്ങളും പ്രകടനങ്ങളും, നിരാഹാരസമരങ്ങൾ — സ്വാതന്ത്ര്യസമരത്തിന്റെ ആവനാഴിയിലേക്ക് അദ്ദേഹം സംഭാവനചെയ്ത ഈ പുതിയ ആയുധങ്ങൾ ജനങ്ങളെ ആവേശം കൊള്ളിക്കുകയും ഇന്ത്യയുടെ ദേശീയ പ്രസ്ഥാനത്തെ പുതിയൊരുഘട്ടത്തിലേക്കുയർത്തുകയും ചെയ്തു. ശത്രുവുമായുള്ള സന്ധിയുടെ വാതിൽ എല്ലായ്പ്പോഴും തുറന്നിട്ടുകൊണ്ടുതന്നെ അദ്ദേഹം ലക്ഷക്കണക്കിനുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ ‘ചെകുത്താൻ’ ഗവൺമെൻറിനെതിരായ ഒടുങ്ങാത്ത അമർഷവും സ്വരാജിനുവേണ്ടിയുള്ള അടങ്ങാത്ത അഭിവാഞ്ജയും ഓളംവെട്ടിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പതിനായിരക്കണക്കിനുള്ള, ജനങ്ങൾ, ധീരൻമാരും ദേശാഭിമാനികളുമായ പടയാളികളായി മാറി. മൃഗീയങ്ങളായ ലാത്തിച്ചാർജ്ജുകളെ വകവയ്ക്കാതെ വെടിയുണ്ടകളെ വെല്ലുവിളിച്ചുകൊണ്ട് നിരായുധരായ പുരുഷൻമാരും സ്ത്രീകളും യുവാക്കളും കുട്ടികളും തലയുയർത്തിക്കൊണ്ട് മുന്നോട്ട് മാർച്ച് ചെയ്യുകയും സാമ്രാജ്യമേധാവിത്വത്തിന്റെ ജയിൽ മുറികൾ നിറയ്ക്കുകയും ചെയ്തു.

# 5 പഴയ ചട്ടക്കൂടിൽ പുതിയ ഉള്ളടക്കം

സത്യം, അഹിംസ, ബ്രഹ്മചര്യം, അസ്തേയം, അപരിഗ്രഹം, ലഘുജീവിതം, ദൈവവിശ്വാസം മുതലായ ഗുണങ്ങൾ ഓരോ സത്യാഗ്രഹിക്കുമുണ്ടായിരിക്കണമെന്ന് ഗാന്ധിജി നിഷ്കർഷിച്ചിരുന്നു. ആത്മീയവും മതപരവുമായ ഒരു ചട്ടക്കൂടാണ് ഈ നിഷ്കർഷയ്ക്കുള്ളത്. നിലവിലുള്ള ഉൽപാദന ബന്ധങ്ങളിലും ചൂഷണവ്യവസ്ഥയിലും യാതൊരു മാറ്റവുമുണ്ടാക്കാതെതന്നെ, വ്യക്തയെ ആഭ്യന്തരമായും ധാർമ്മികമായും ആത്മീയമായും നന്നാക്കിത്തീർക്കുകയും അതുവഴി സാമൂഹ്യപരിതസ്ഥിതികളെ മാറ്റുകയും ചെയ്യുക എന്ന അപ്രായോഗികമായ ഒരു മാർഗമാണദ്ദേഹം സ്വീകരിച്ചത്. പക്ഷേ, അത് ആയിരക്കണക്കിലുള്ള യുവാക്കൻമാരുടെ ത്യാഗബോധത്തെ തട്ടിയുണർത്തുകയും ആദർശപരമായ ഒരു ജീവിതം നയിക്കാനുള്ള തീവ്രാഭിലാഷവും അതിനാവശ്യമായ അച്ചടക്കബോധവും അവരിലുളവാക്കുകയും ചെയ്തു.

ഗാന്ധിജിയുടെ അഹിംസ കേവലം നിഷേധാത്മകമായ ഒരു തത്വമായിരുന്നില്ല. അത് അഹിംസാത്മകമായ പ്രതിരോധമായിരുന്നു. അദ്ദേഹം എഴുതുകയുണ്ടായി: ‘അഹിംസ, അതിന്റെ സജീവമായ സ്ഥിതിയിൽ ബോധപൂർവ്വമായ ഒരു ത്യാഗമാണ്, തിൻമചെയ്യുന്നവന്റെ ഇച്ഛാശക്തിയുടെ മുമ്പിൽ ക്ഷമയോടെ കീഴടങ്ങുക എന്നല്ല അതിനർത്ഥം; പിന്നയോ, മർദ്ദകന്റെ ഇച്ഛാശക്തിക്കെതിരായി ഒരുവന്റെ മുഴുവൻ ആത്മാവിനേയും തിരിച്ചുവിടുക എന്നാണതിനർത്ഥം. ഈ നിയമമനുസരിച്ച് പ്രവർത്തിച്ചാൽ ഒരൊറ്റ വ്യക്തിക്ക് അനീതിനിറഞ്ഞ ഒരു സാമ്രാജ്യത്തിന്റെ എല്ലാ ശക്തികളേയും ചെറുത്തുനിൽക്കുവാനും, അങ്ങനെ തന്റെ മാനത്തേയും മതത്തേയും തന്റെ ആത്മാവിനേയും രക്ഷിക്കുവാനും, ആ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കോ ശുദ്ധീകരണത്തിനോ ആവശ്യമായ അടിത്തറപാകാനും കഴിയും.’ ഇപ്രകാരം ഗാന്ധിജിയുടെ അഹിംസ സാമ്രാജ്യാധിപത്യത്തിനെതിരായ ഒരായുധമായിത്തീർന്നു. മുതലാളിയെന്നോ, തൊഴിലാളിയെന്നോ വ്യത്യാസമില്ലാതെ വിവിധ ജനവിഭാഗങ്ങളെ യോജിപ്പിച്ചണിനിരത്താനും, ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും, അങ്ങനെ സമുദായത്തിലൊരു കലക്കം സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള പരിതഃസ്ഥിതികളെ മാറ്റാനും, അതു പ്രയോജനപ്പെട്ടു. അതുകൊണ്ടത് ഇന്ത്യയുടെ സാഹചര്യങ്ങളിൽ പുരോഗമനപരമായ ഒരു പങ്ക് നിർവ്വഹിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

# 6 ഗാന്ധിസത്തിന്റെ പരിമിതികൾ

എന്നാൽ നിലവിലുള്ള സാമൂഹ്യബന്ധങ്ങളെ വിപ്ലവകരമാംവിധം മാറ്റിമറിക്കുവാൻ ഗാന്ധിജി ഒരിക്കലും ഇഷ്ടപ്പെട്ടില്ല. 'അഹിംസയിൽ അതിരുകവിഞ്ഞ വിശ്വാസമുണ്ടായിട്ടും ഹിംസയിലധിഷ്ഠിതമായ സാമൂഹ്യക്രമത്തെ പിന്താങ്ങുകയാണദ്ദേഹം ചെയ്തത്. ഈ വൈരുദ്ധ്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ജവഹർലാൽ നെഹ്റു എഴുതുകയുണ്ടായി: 'അധഃസ്ഥിതന്റെ നേരെ തനിക്കിത്രയൊക്കെ പ്രേമവും ഉൽകണ്ഠയുമുണ്ടായിട്ടും അനിവാര്യമായി അവനെ സൃഷ്ടിക്കുകയും ചതിയ്ക്കുകയും ചെയ്യുന്ന് ഒരു ക്രമത്തെ എന്തിനദ്ദേഹം പിന്താങ്ങുന്നു? അഹിംസയിൽ തനിക്കിത്രയൊക്കെ തീവ്രാഭിവാഞ്ഛയുണ്ടായിട്ടും, തികച്ചും ഹിംസയിലും ഭീഷണിയിലും അടിയുറച്ചു നിൽക്കുന്ന രാഷ്ട്രീയവും സാമൂഹ്യവുമായ ഒരു ഘടനയ്ക്ക് എന്തിനനുകൂലനായിരിക്കുന്നു? അദ്ദേഹം അത്തരമൊരു ക്രമത്തിന് അനുകൂലനാണെന്നു പറയുന്നത് ഒരു പക്ഷേ, ശരിയായിരിക്കില്ല. താൻ ഏറെക്കുറേ തത്വസംബന്ധിയായ ഒരരാജകത്വവാദിയാണ്. എന്നാൽ ആദർശയോഗ്യമായ അരാജക സ്റ്റേറ്റ് ഇനിയും വിദൂരസ്ഥലമാകയാലും എളുപ്പം വിഭാവനം ചെയ്യുക സാദ്ധ്യമാകാത്തതിനാലും താൻ നിലവിലുള്ള ക്രമത്തെ അംഗീകരിക്കുന്നു.'

സത്യവും അഹിംസയും, ആരംഭംമുതൽക്കുതന്നെ ഭീകരപ്രസ്ഥാനം പോലുള്ള വിപ്ലവപ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുവാൻ വേണ്ടി ഉപയോഗിക്കപ്പെടുകയുണ്ടായി. പലപ്പോഴും സാമ്രാജ്യാധിപത്യത്തിനെതിരായി പരന്നുപിടിച്ച ബഹുജന പ്രസ്ഥാനങ്ങളുടെ വ്യാപ്തി പരിമിതപ്പെടുത്തുവാനും അവയുപയോഗിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് 1920-22 ലെ നിസ്സഹകരണ പ്രസ്ഥാനം, എല്ലാത്തരം മർദ്ദനങ്ങളേയും പുല്ലാക്കിക്കൊണ്ട് ജനങ്ങൾ മുന്നേറിക്കൊണ്ടിരുന്ന ഒരു സന്ദർഭത്തിൽ അഹിംസയുടെ പേരിലാണ് പിൻവലിക്കപ്പെട്ടത്. ഇന്ത്യയുടെ രാഷ്ട്രീയ രംഗങ്ങളിൽ ഒരു സ്വതന്ത്രശക്തി എന്ന നിലയ്ക്കുള്ള തൊഴിലാളിവർഗത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ തുടങ്ങിയപ്പോൾ ഗാന്ധിജിയുടെ വീക്ഷണഗതിയുടേയും സമരരീതികളുടേയും അപര്യാപ്തതയും ബൂർഷ്വാപരിമിതികളും അധികമധികം വെളിപ്പെടാൻ തുടങ്ങി. മുതലാളിത്തവ്യവസ്ഥയെ പരിപൂർണമായും നശിപ്പിക്കേണ്ടതില്ലെന്നും മുതലാളികൾ 'ട്രസ്റ്റി'കളായി ജീവിച്ചാൽ മതിയെന്നുമുള്ള അദ്ദേഹത്തിന്റെ അഭിപ്രായം വളർന്നുവരുന്ന പുതിയ ശക്തികളെ തീരെ തൃപ്തിപ്പെടുത്തിയില്ല. കാലഹരണംവന്ന ജന്മിത്തവ്യവസ്ഥയെ തുടച്ചുനീക്കേണ്ടതില്ലെന്ന അദ്ദേഹത്തിന്റെ സിദ്ധാന്തം ദേശീയപ്രസ്ഥാനത്തിനകത്തു വമ്പിച്ച എതിർപ്പുകളും പ്രതിഷേധങ്ങളുമുളവാക്കി.

വലിയ ജമീന്ദാർമാരുടെ ഒരു നിവേദകസംഘത്തോട് ഗാന്ധിജി ഒരിക്കൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: 'ന്യായമായ കാരണം കൂടാതെ സ്വത്തുള്ള കക്ഷികളുടെ സ്വകാര്യസ്വത്ത് എടുത്തുകളയുന്നതിൽ ഞാൻ പങ്കാളിയാവില്ല. നിങ്ങളുടെ ഹൃദയങ്ങളെ പ്രാപിച്ച്, നിങ്ങളുടെ സ്വകാര്യസ്വത്തെല്ലാം നിങ്ങളുടെ കുടിയാൻമാർക്കു വേണ്ടി നിങ്ങളെക്കൊണ്ട് വിനിയോഗിപ്പിക്കുമാറ് നിങ്ങളെ മാനസാന്തരപ്പെടുത്തുകയാണ് എന്റെ ലക്ഷ്യം. എന്നാൽ നിങ്ങളുടെ സ്വത്ത് അന്യായമായി നിങ്ങളിൽ നിന്ന് എടുത്തുകളയുവാൻ ഒരു ശ്രമമുണ്ടാവുന്ന പക്ഷം ഞാൻ നിങ്ങളുടെ ഭാഗം ചേർന്ന് പോരാടുന്നത് നിങ്ങൾക്കു കാണാം.' 1934 ജൂലൈ മാസത്തിൽ അദ്ദേഹം പറയുകയുണ്ടായി: 'ഇരുഭാഗത്തും ഒരു മനഃപരിവർത്തനമുണ്ടായാൽ ജന്മികളും കുടിയാൻമാരും തമ്മിൽ കൂടുതൽ കാര്യമായ ബന്ധം ഏർപ്പെടുത്താൻ കഴിയും. അങ്ങനെ ചെയ്താൽ രണ്ടുകൂട്ടർക്കും സമാധാനത്തോടും ഐക്യത്തോടുംകൂടി ജീവിക്കാം. താലൂക്ക്ദാരി സമ്പ്രദായത്തെ അവസാനിപ്പിച്ചുകളയുവാൻ ഞാൻ ഒരിക്കലും അനുകൂലനല്ല. അവസാനിപ്പിക്കണമെന്നു വിചാരിക്കുന്നവർക്ക് തങ്ങളുടെതന്നെ മനസ്സറിഞ്ഞുകൂടാ.'

## 7 ദേശീയ പ്രസ്ഥാനത്തിന്റെ എതിർപ്പ്

ഗാന്ധിജിയുടെ ഇത്തരം അഭിപ്രായങ്ങൾ അദ്ദേഹത്തിന്റെ അടുത്ത അനുയായികളെപ്പോലും അരിശം കൊള്ളിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇങ്ങനെയാണെഴുതിയത്: ‘നിശിതബുദ്ധിയും, ചവിട്ടിത്താഴ്ത്തപ്പെട്ടവരേയും മർദ്ദിതരേയും ഉയർത്തുവാനുള്ള തീവ്രാഭിവാഞ്ഛയും ഒക്കെ ഉണ്ടായിട്ടും അദ്ദേഹം എന്തിന് ഈ കഷ്ടപ്പാടും ദുർവ്യയവുമൊക്കെ സൃഷ്ടിക്കുന്ന ഒരു സമ്പ്രദായത്തെ — അതും പ്രത്യക്ഷത്തിൽതന്നെ ക്ഷയിച്ചുവരുന്ന ഒരു സമുദായത്തെ — അനുകൂലിക്കുന്നു? അദ്ദേഹം ഒരു പോംവഴി അന്വേഷിക്കുകയാണ്; നേരുതന്നെ. പക്ഷേ, പഴമയിലേക്കുള്ള ആ വഴി സാക്ഷയിട്ടടച്ചതല്ലേ? അതിന്നിടയിൽ അദ്ദേഹം പുരോഗതിയുടെ വഴിയിൽ വിലങ്ങടിച്ചുനിൽക്കുന്ന പഴയക്രമത്തിന്റെ എല്ലാ അവശിഷ്ടങ്ങളേയും — സാമന്തപ്രഭുത്വപരമായ നാട്ടുരാജ്യങ്ങളേയും വലിയ ജമീന്ദാരികളേയും താലൂക്ക്ദാരികളേയും ഇന്നത്തെ മുതലാളിത്ത സമ്പ്രദായത്തേയും എല്ലാം — അനുഗ്രഹിക്കുന്നു. ട്രസ്റ്റി സിദ്ധാന്തത്തിൽ വിശ്വസിക്കുക — ഒരു വ്യക്തിക്ക് അനിയന്ത്രിതാധികാരവും ധനവും നൽകുക, എന്നിട്ട് അവനത് തികച്ചും പൊതുനന്മയ്ക്കായി വിനിയോഗിക്കുമെന്നു പ്രതീക്ഷിക്കുക — യുക്തിസഹമാണോ? നമ്മളിൽ ഏറ്റവും നല്ലവർ പോലും ഈ വിധം വിശ്വസിക്കപ്പെടാൻ തക്കവണ്ണം അത്ര പൂർണ്ണമാണോ? പ്ലേറ്റോവിന്റെ ദാർശനികരാജാക്കൻമാർക്കുപോലും ഈ ഭാരം യോഗ്യമാംവിധം വഹിക്കുക ദുസ്സഹമായേനേ. ഈ നന്മനിറഞ്ഞ അതിമാനുഷർപോലും തങ്ങളുടെ മേലുണ്ടാകുന്നതു മറ്റുള്ളവർക്കു നല്ലതാണോ? പക്ഷേ, അതി മാനുഷരോ, ദാർശനികരാജാക്കൻമാരോ ഒന്നുമില്ല. തങ്ങളുടെ സ്വന്തം പുരുഷപരമായ നന്മ, അഥവാ തങ്ങളുടെ സ്വന്തം ആശയങ്ങളുടെ പുരോഗതി, പൊതുനന്മയിൽനിന്നു ഭിന്നമല്ല എന്നു വിചാരിക്കാതിരിക്കാൻ കഴിയാത്ത ദുർബലരായ മനുഷ്യജന്തുക്കൾമാത്രം. ജന്മം, പദവി, സാമ്പത്തികാധികാരം എന്നിവയുടെ ഭള്ള് ശാശ്വതീകരിക്കപ്പെടുന്നു. അതിന്റെ ഫലങ്ങളോ, പലവിധത്തിലും അത്യാപല്ക്കരങ്ങൾ.’

# 8 ഗാന്ധിസത്തിന്റെ ഒസ്യത്ത്

ഗാന്ധിജിയുടെ തത്ത്വശാസ്ത്രത്തിലും, വീക്ഷണഗതിയിലും പ്രായോഗികപ്രവർത്തനങ്ങളിലും ഇത്തരത്തിലുള്ള പല ന്യൂനതകളും ദൗർബല്യങ്ങളുമുണ്ടായിരുന്നവെങ്കിലും, നാൽപത് കോടി ജനങ്ങളുടെ ആത്മചൈതന്യത്തെ വീണ്ടെടുക്കാനും ഉത്തേജിപ്പിക്കാനും വേണ്ടി അദ്ദേഹം വഹിച്ച നിസ്തുലമായ പങ്ക് ചരിത്രത്തിൽ എന്നെന്നും മായാതെ കിടക്കുന്നതായിരിക്കും. തന്റെ സ്വന്തം വളർച്ചയ്ക്ക് മർദ്ദിതരായ ജനകോടികളെ സമുദ്ധരിക്കാനും സമുദായത്തിന്റെ അടിത്തട്ടിൽ ഇടിച്ചു താഴ്ത്തപ്പെട്ടുകിടക്കുന്ന മൂകലക്ഷങ്ങളെ പിടിച്ചുയർത്തുവാനും വേണ്ടി ഇടവിടാതെ പരിശ്രമിക്കേണ്ടതുണ്ടെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഈ മഹത്തായ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടാണ് അദ്ദേഹം തന്റെ ജീവിതകാലമത്രയും പ്രയത്നിച്ചത്. അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിലും ലോകവീക്ഷണഗതിയിലും അശാസ്ത്രീയവും അപ്രായോഗികവുമായ പല വശങ്ങളുമുണ്ട്. പക്ഷേ, ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ അഗാധമായ സ്നേഹം, അദ്ദേഹത്തിന്റെ ഉജ്ജ്വലമായ ദേശാഭിമാനം, ഹിന്ദുമുസ്ലീം മൈത്രിക്കും, സമുദായസൗഹാർദ്ദത്തിനും വേണ്ടിയുള്ള തീവ്രാഭിലാഷം, ഇന്ത്യൻ ജനതയുടെ കഴിവിലുള്ള അചഞ്ചലമായ വിശ്വാസം, സ്വഭാവശുദ്ധിയിലുള്ള നിഷ്കർഷ മുതലായ ഗുണങ്ങൾ സാമൂഹ്യജീവിതത്തെ കൂടുതലുയർന്ന ഒരു പതനത്തിലേക്കു നയിക്കാൻ സഹായിക്കുന്നവയാണ്. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014